# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 171 14.08.2017- ൽ മറുപടിയ്ക്ക്

**വിദേശ മലയാളികൾക്കുള്ള നിയമസഹായം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭാ ഹരി<br>ശ്രീ. എ.എൻ. ഷംസീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്ന ചില മലയാളികൾ യാതൊരു കുറ്റവും ചെയ്യാതെ വിവിധ രാജ്യങ്ങളിലെ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലും അകപ്പെട്ട് ജയിലിലാകുകയും കടുത്ത ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇവർക്ക് ആവശ്യമായ നിയമസഹായം നല്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) വിദേശ രാജ്യങ്ങളിൽ ജോലിയിൽ തുടരവെ ജോലി സംബന്ധമായ പ്രശ്നം നേരിടുന്നവർ, തൊഴിൽ ദാതാവുമായും, സ്പോൺസർമാരുമായും തർക്കങ്ങളിലോ, കോടതി വ്യവഹാരങ്ങളിലോ അകപ്പെട്ടവർ, മനപൂർവ്വമല്ലാത്ത കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർ എന്നിവരുടെ സഹായത്തിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് പ്രശ്ന പരിഹാരം നടത്തി അവരെ തിരികെ എത്തിക്കാൻ നോർക്ക വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| | | | വിദേശത്ത് നിയമസഹായം ആവശ്യമുള്ള പ്രവാസിയുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് നിയമപരമായ രേഖകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നോർക്ക വകുപ്പ് നല്കി വരുന്നുണ്ട്. |
| സി) | വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും വിഷമ ഘട്ടങ്ങളിൽ ആവശ്യമായ കൗൺസിലിംഗിനും അംഗീകൃത കുടിയേറ്റവും ചൂഷണങ്ങളും സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ/കാൾ സെന്ററുകൾ തുടങ്ങിയിട്ടുണ്ടോ ; വിശദാംശം നല്കുമോ ; | സി) | പ്രവാസികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ തങ്ങളുടെ പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനും, കൂടാതെ സുരക്ഷിത എമിഗ്രേഷൻ സംബന്ധിച്ച് അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി നോർക്ക റൂട്ട്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നിലവിലുണ്ട്. |
| ഡി) | സർക്കാരും നോർക്ക റൂട്ട്സും നടത്തുന്ന വിവിധ പദ്ധതികളുടെ വിവര വ്യാപനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | ഡി) | നോർക്ക വകുപ്പിനെയും നോർക്ക റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ, പ്രവാസി മലയാളികൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ , നിർദ്ദേശങ്ങൾ തുടങ്ങിയവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ നിന്നും വിളിക്കുന്നവർ 1800-425-3939 ടോൾ ഫ്രീ നമ്പരിലേക്കും വിദേശത്തുള്ള കേരളീയർ 00914712333339 നമ്പരിലേക്കും വിളിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. |

(മറുപുറം)

വിദേശ രാജ്യങ്ങളിൽ ആഭ്യന്തര കലാപത്തിൽ കുടുങ്ങിയ മലയാളികളെ സ്വദേശത്ത് കൊണ്ടു വരുന്നതിനും ദുരന്ത ബാധിത പ്രദേശങ്ങളിലകപ്പെട്ട മലയാളികളെ ഒഴിപ്പിക്കേണ്ട സാഹചര്യത്തിലും കാൾസെന്ററിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നുണ്ട്.

വിവിധ പദ്ധതികളുടെ വ്യാപനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ളതും പരസ്യ പ്രചാരണത്തിനായി പദ്ധതികളുടെ ഹെഡിൽ വകയിരുത്തിയിട്ടുള്ളതും ആയ തുക വിനിയോഗിച്ച് പത്ര, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ